**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറി കേസന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിന്മേലുള്ള അന്വേഷണ പുരോഗതി വിശദമാക്കുമോ; | (എ) | **വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ച് കടത്തിയ സംഭവത്തിന്മേലുള്ള അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ക്രൈം ബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. മേൽ സംഭവവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ മീനങ്ങാടി, മേപ്പാടി എന്നീ പോലീസ് സ്റ്റേഷനുകളിലായി 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. മേൽ കേസുമായി ബന്ധപ്പെട്ട് വീട്ടി മരത്തിന്റെ പ്രായനിർണ്ണയ സർട്ടിഫിക്കറ്റും ഡി എൻ എ സർട്ടിഫിക്കറ്റും അടക്കം ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത സംഭവത്തിന്മേലുള്ള അന്വേഷണം ത്വരിതഗതിയിൽ അല്ല നടക്കുന്നതെന്നും ഇത് പ്രതികളെ സഹായിക്കാനാണ് എന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | കേസിന്മേലുള്ള അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | വയനാട് ജില്ലയിൽ നിന്നും കർഷകർക്കായി പതിച്ച് നൽകിയ ഭൂമിയിൽ നിന്നും സർക്കാരിലേക്ക് നിക്ഷിപ്തമാക്കിയ വീട്ടി മരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക്പോസ്റ്റ് വഴി കടത്തിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ട്, ടി കാര്യത്തിൽ വീഴ്ച വരുത്തിയ ശ്രീ.വിനേഷ്.വി.എസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റെയിഞ്ച്, ശ്രീ.ബി.പി.രാജു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേപ്പാടി റെയിഞ്ച് , ശ്രീ.ശ്രീജിത്ത്.ഇ.പി ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റെയിഞ്ച് എന്നീ വനം വകുപ്പ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ റിട്ടയേഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | | ശ്രീ.എം.പത്മനാഭൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.മനോഹരൻ, എന്നിവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25-06-2021-ലെ വി.ഇ.10-990/2021 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അടിമാലി റെയിഞ്ചിലെ മുൻ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ ആയ ശ്രീ.ജോജി ജോണിനെ സർക്കാർ 17-12-2021-ൽ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്യുകയും 10-03-2022 - ൽ ടിയാന് കുറ്റപത്രവും/കുറ്റാരോപണപത്രികയും നൽകി സർക്കാർ തലത്തിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. നിലവിൽ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരിക അന്വേഷണം നടന്നു വരുന്നു.<br><br>കൂടാതെ റവന്യൂ വകുപ്പിലെ മുൻ മുട്ടിൽ സൗത്ത് സ്പെഷ്യൽ വില്ലേജ് ഓഫീസറായിരുന്ന ശ്രീമതി. സിന്ധു കെ.ഒ. എന്നയാളെ ക്രൈം നം.281/2021 എന്ന കേസിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. മുൻ മുട്ടിൽ സൗത്ത് വില്ലേജ് ഓഫീസറായിരുന്ന ശ്രീ. അജി കെ. കെ. എന്നയാളെ വയനാട് ജില്ലാ കലക്ടർ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്‌പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ? | (ഡി) | ഉണ്ട്. സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥരെ സസ്പെൻഷൻ കാലാവധി കഴിയുന്ന മുറയ്ക്ക് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നത് നിലവിലുള്ള സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണത്തെ സ്വാധീനിക്കാൻ സാധ്യത ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെയും കേസിന്റെ അന്വേഷണം പൂർത്തിയായതിനുശേഷം മാത്രം സസ്പെൻഷൻ പിൻവലിക്കുന്നത് ടി കാലയളവിൽ യാതൊരു സേവനവും നൽകാതെ സർക്കാർ ഖജനാവിൽ നിന്നും ഉപജീവനബത്തയിനത്തിൽ വലിയ തുക കൈപ്പറ്റുന്നതിനും ആയത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകുമെന്ന് വിലയിരുത്തിയതിന്റെയും അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ